**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 781** **09-08-2023 - ൽ മറുപടിയ്ക്ക്**

**നാളീകേര സംഭരണ സംസ്കരണ രംഗത്ത് സഹകരണ ബാങ്കുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളെ കോർ ബാങ്കിങ്ങിന്റെ ഭാഗമാക്കുന്നതുവഴി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ബാങ്ക് ആക്കി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കേരള ബാങ്കിന്റെ ഏകീകൃത കോർബാങ്കിംഗ് സംവിധാനം 2022 ഡിസംബറിൽ നിലവിൽ വന്നിട്ടുണ്ട്. വ്യക്തികൾക്കും സംഘങ്ങൾക്കുമായി രണ്ട് പ്രത്യേക മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷനും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത സോഫ്റ്റ് വെയറിൽ ട്രഷറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ മറ്റ് ഏജൻസികളുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സംവിധാനം പൊതു സോഫ്റ്റ് വെയറിനായുള്ള RFP യിൽ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.<br><br>ആധുനിക ബാങ്കിംഗ് സംവിധാനം നിലവിൽ വന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാങ്ക് ആയി കേരള ബാങ്കിനെ പരിഗണിക്കുന്നതിനുള്ള സാഹചര്യം ഉരുത്തിരിയുന്നതാണ്. |
| (ബി) | നാളികേര സംഭരണ സംസ്കരണ രംഗത്തേക്ക് സഹകരണ ബാങ്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | നാളികേര സംഭരണത്തിനും സംസ്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി കേരള സംസ്ഥാന സഹകരണ ബാങ്ക് PACS as MSC (Multi Service Centre) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാദേശികാടിസ്ഥാനത്തിൽ പ്രാഥമിക വായ്പാ സംഘങ്ങൾ മുഖേന വായ്പ നൽകി വരുന്നു. നബാർഡ് ധനസഹായത്തോടെയുള്ള ഈ വായ്പയുടെ പലിശ 4 ശതമാനമാണ്. നാളികേര സംഭരണ സംസ്കരണ രംഗത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കർഷകരിൽ നിന്ന് |

| | | | | |
|---|---|---|---|---|
| | | | | നേരിട്ടും അല്ലാതെയും നാളികേരം സംഭരിച്ച്, സംസ്ക്കരിച്ച് വെളിച്ചെണ്ണയും, അനുബന്ധ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പി ക്കുന്നതിൽ സജീവമായി ഇടപെടുന്നു. കൂടാതെ നാഫെഡ് മുഖേനയുള്ള കൊപ്ര സംഭരണത്തിൽ നോഡൽ ഏജൻസി എന്ന നിലയിൽ മാർക്കറ്റ്ഫെഡ് നിലവിൽ നാല് സഹകരണ സംഘങ്ങളിലൂടെ കൊപ്ര സംഭരിച്ചു വരികയും കൂടുതൽ സംഘങ്ങൾ വഴി കൊപ്ര സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയുമാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കൊപ്ര സംഭരിക്കുമ്പോൾ കേര കർഷകർക്ക് പൊതു വിപണിയേക്കാൾ കൂടുതൽ വില ലഭിക്കും എന്നതിനാൽ കൊപ്രയും പച്ചതേങ്ങയും സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുന്ന തിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ